**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 65** **22-02-2022 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ-റെയിൽ പദ്ധതിയുടെ വിശദ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനും, നീതി ആയോഗിനും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡീച്ചർ, നീതിആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര ആസൂത്രണസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി നടത്തിപ്പിനായി കുടിയൊഴിപ്പിക്കേണ്ട കുടുംബങ്ങളുടെയും കച്ചവട സ്ഥാപനങ്ങളുടെയും കണക്ക് ശേഖരിച്ചിട്ടുണ്ടോ; | (ബി) | ഇതുമായി ബന്ധപ്പെട്ടുള്ള വിശദമായ വിവരങ്ങൾ സാമൂഹ്യാഘാത സാമൂഹിക ആഘാത പഠനം പാത കടന്നു പോകുന്ന 11 ജില്ലകളിലും നടത്തിവരികയാണ്. |
| (സി) | എത്ര ഹെക്ടർ നെൽവയൽ ഉൾപ്പെടെയുള്ള കൃഷി സ്ഥലങ്ങളാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ലിഡാർ സർവ്വേ പ്രകാരം 137 കിലോമീറ്റർ നെൽവയലിലൂടെയാണ് കടന്നു പോകുന്നത്. കൃത്യമായ ഹെക്ടർ കണക്ക് RFCTLARR 2013 ആക്ട് ൽ അനുശാസിച്ചിരിക്കുന്ന സെക്ഷൻ 11(1) നോട്ടിഫൈ ചെയ്തതിന് ശേഷം മാത്രമെ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ